# Deepika

## 24 August 2018

## Kochi: After Flood, Relief activities

### പെരിയാറിൽ ജലനിരപ്പ് താഴ്ന്നു

**പറവൂർ:** പെരിയാറും ചാലക്കുടിയാറും സംഗമിച്ച് ഒഴുകിയെത്തുന്ന കൊടുങ്ങല്ലൂർ കായലിൽ ജലനിരപ്പ് താഴ്ന്നു. എന്നാൽ ശക്തിയായ അടിയൊഴുക്കും വെള്ളത്തിന് കലക്കലുമുണ്ട്.

കായലിന് സമീപമുള്ള ചേന്ദമംഗലം, പുത്തൻവേലിക്കര, വടക്കേക്കര, ചിറ്റാറ്റുകര, പറവൂർ പ്രദേശങ്ങളിലാകെ കരയിൽ വലിയതോതിൽ വെള്ളം കയറിക്കിടന്നത് നാലഞ്ച് ദിവസമാണ്. വെള്ളം ഇറങ്ങിയെങ്കിലും ജനജീവിതം പൂർവസ്ഥിതിയിലാകാൻ ഇവിടെ മാസങ്ങൾ തന്നെ വേണ്ടിവരും. മത്സ്യത്തൊഴിലാളികൾക്കും കൂടുമത്സ്യകൃഷിക്കും ഒട്ടേറെ നാശനഷ്ടങ്ങളുമുണ്ടായി. കൂടുമത്സ്യകൃഷി പാടെ നശിച്ച അവസ്ഥയിലാണ്.

### വൈപ്പിനിൽ ഇനി നാലു ക്യാമ്പുകൾ മാത്രം; ശേഷിക്കുന്നത് 466 പേർ

**വൈപ്പിൻ:** വൈപ്പിൻ മേഖലയിലെ ജനജീവിതം സാധാരണ നിലയിലായതോടെ നാലു ദുരിതാശ്വാസ ക്യാമ്പുകൾ ഒഴികെ മറ്റുള്ളതെല്ലാം പിരിച്ചുവിട്ടു.

എടവനക്കാട് ഗവ. യുപി സ്കൂളിലും നായരമ്പലം ഭഗവതി വിലാസം ഹയർസെക്കൻഡറി സ്കൂളിലും നായരമ്പലം ദേവി വിലാസം സ്കൂളിലും പള്ളിപ്പുറം കോവിലകത്തുംകടവ് എസ്.എസ്.ടി കമ്യൂണിറ്റി ഹാളിലും മാത്രമേ ക്യാമ്പുകൾ അവശേഷിക്കുന്നുള്ളൂ. ഇവിടെ നാലിടത്തും കൂടി 466 പേരാണ് ശേഷിക്കുന്ന ദുരിത ബാധിതർ. ആളുകൾ സ്വയം ഒഴിഞ്ഞു പോകാൻ തുടങ്ങിയതോടെയാണ് ക്യാമ്പുകൾ പിരിച്ചുവിട്ടത്.

എടവനക്കാട് ചാത്തങ്ങാട് കടപ്പുറത്തെ ബദരിയ മദ്രസയിലെ ക്യാമ്പ് പിരിച്ച് വിട്ടത് ബക്രീദ് ആഘോഷത്തിനുശേഷം.

വിവിധ മതസ്ഥരായ 400 ഓളം പേരാണ് ഇവിടെ കഴിഞ്ഞ അഞ്ചു ദിവസമായി കഴിഞ്ഞിരുന്നത്.

ഇന്നലെ പെരുന്നാൾ നമസ്കാരത്തിനുശേഷം എല്ലാവരും ഒത്തുകൂടി ഉച്ചയോടെ നെയ്ച്ചോറും, ഇറച്ചിയും കൂട്ടിയ ഉച്ചഭക്ഷണവും കഴിഞ്ഞ് ഓരോരുത്തരും ഇവരുടെ വീടുകളിലേക്ക് മടങ്ങുകയായിരുന്നു.

### ബോട്ടുകൾ കടലിൽ പോയിത്തുടങ്ങി; വള്ളങ്ങൾ ഇന്നുമുതൽ പോകും

**വൈപ്പിൻ:** വെള്ളപ്പൊക്കത്തെത്തുടർന്ന് കടലിൽ പോകാതെ കെട്ടിയിട്ടിരുന്ന മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും മത്സ്യബന്ധനത്തിനു പോയിത്തുടങ്ങി. മുരുക്കുംപാടം, മുനമ്പം ഹാർബറുകളിൽ ഐസും ഡീസലും സ്റ്റോക്കുള്ള ബോട്ടുകൾ ഇന്നലെയും ഇന്നു പുലർച്ചെയുമായി മത്സ്യബന്ധനത്തിനു പോയി.

വള്ളങ്ങൾ ഇന്ന് രാവിലെ പോകും. വൈദ്യുതി ബന്ധം നിലച്ചതിനാൽ മുനമ്പം മേഖലയിലെ ഐസ് പ്ലാന്റ് അടച്ച് പൂട്ടിയതിനാൽ ഐസിനു വൻ ക്ഷാമം നേരിട്ടു ഇതുമൂലമാണ് എല്ലാ ബോട്ടുകൾക്കും മത്സ്യബന്ധനത്തിനു പോകാൻ കഴിയാതെ വന്നത്.

അതേ സമയം മുരുക്കുംപാടം മേഖലയിൽ വൈദ്യുതി കാര്യമായി നിലക്കാതിരുന്നതിനാൽ പ്ലാന്റുകളുടെ പ്രവർത്തനം നിർത്തിയിരുന്നില്ല.

ബോട്ടുകളും വള്ളങ്ങളും മത്സ്യബന്ധനത്തിനു പോകാതെ വന്നതോടെ പുഴമത്സ്യങ്ങൾക്കും മറ്റും തീവിലയാണ്.

### ക്യാമ്പുകളിൽനിന്നു മടങ്ങുന്നവർക്ക് സമ്മാനങ്ങളുമായി സംഘടനകൾ

**കിഴക്കമ്പലം:** പ്രളയക്കെടുതിയിൽ ഒറ്റപ്പെട്ടവർക്കായി കിഴക്കമ്പലം, കുന്നത്തുനാട് പഞ്ചായത്തുകളിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു മടങ്ങിപ്പോകുന്നവർക്ക് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നൽകുന്ന സഹായം ആശ്വാസമാകുന്നു.

കിഴക്കമ്പലം സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിലെ ക്യാമ്പുകളിൽനിന്നു മടങ്ങുന്നവർക്ക് ട്വന്റി-20 യാണ് സഹായം നൽകുന്നത്. ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം 500 രൂപയുടെ സാധനങ്ങൾ ട്വന്റി-20 സ്റ്റാളിൽ നിന്നും സൗജന്യമായി വാങ്ങാം.

ഇതു കൂടാതെ വീട് ശുചീകരിക്കുന്നതിനായി ബ്ലീച്ചിംഗ് പൗഡറും ഉപകരണങ്ങളും നൽകുന്നുമുണ്ട്. കിഴക്കമ്പലം പഞ്ചായത്തിലെ സെന്റ് ജോസഫ്സ് സ്കൂളിലെ ക്യാമ്പിൽ ആലുവ, കാലടി, ചൊവ്വര പ്രദേശങ്ങളിൽനിന്നു ഒട്ടേറെ കുടുംബങ്ങളാണ് താമസിക്കുന്നത്. കുന്നത്തുനാട് പഞ്ചായത്തിലെ മോറയ്ക്കാല സെന്റ് മേരീസ് സ്കൂൾ ക്യാമ്പിൽ ഈദ് പെരുന്നാൾ ആഘോഷത്തോടൊപ്പം അംഗങ്ങൾക്ക് സെന്റ് മേരീസ് കത്തീഡ്രൽ സ്പോൺസർ ചെയ്ത പെരുന്നാൾ സദ്യയാണ് നൽകിയത്.

പെരിങ്ങാല ഐസിടി സ്കൂൾ, തോട്ടുകുന്നേൽ സെന്റ് ജോർജ് പള്ളി, പിണർമുണ്ട ജുമാ മസ്ജിദ് എന്നിവിടങ്ങളിലും ക്യാമ്പ് പ്രവർത്തിച്ചിരുന്നു. വിവിധ ക്ലബ്ബുകളും സന്നദ്ധ സംഘടനകളും ക്യാമ്പിൽ നിന്നും മടങ്ങുന്നവർക്ക് ഭക്ഷ്യസാധനങ്ങളും വസ്ത്രങ്ങളും നൽകി.

ഐസിടി സ്കൂളിലെ ക്യാമ്പിൽ നിന്നും മടങ്ങിപ്പോകുന്നവർക്ക് പെരിങ്ങാല ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ കിറ്റുകൾ വിതരണം ചെയ്തുവെന്ന് ഭാരവാഹികൾ പറഞ്ഞു.

കുന്നത്തുനാട് പഞ്ചായത്തിൽ വിവിധ ക്യാമ്പുകളിലായി ആയിരത്തോളം ആളുകളാണ് താമസിച്ചിരുന്നത്. പഞ്ചായത്ത് പ്രസിഡന്റ് ജിജോ.വി.തോമസിന്റെയും വിവിധ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് നടത്തിയിരുന്നത്. ഈദ് പെരുന്നാൾ സദ്യ പഞ്ചായത്ത് പ്രസിഡന്റ് ജിജോ വി. തോമസ് ഉദ്ഘാടനം ചെയ്തു.

ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ടി.വി. ശശി, മോളി എബ്രഹാം, പഞ്ചായത്ത് സെക്രട്ടറി പി.എൻ. പ്രസാദ്, വില്ലേജ് ഓഫീസർ മിനി ഫ്ളവർ, കത്തീഡ്രൽ വികാരി ബാബു വർഗീസ് എന്നിവർ പ്രസംഗിച്ചു.

### ചേരാനെല്ലൂർ മേഖലയിൽ ശുചീകരണം

**കൊച്ചി:** ചേരാനെല്ലൂർ മേഖലയിൽ വെള്ളം കയറിയ വീടുകളിൽ ഹൈബി ഈഡൻ എം എൽ എയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

പഞ്ചായത്ത് പ്രസിഡന്റ് സോണി ചീക്കുവിന്റെയും വാർഡ് മെമ്പർമാരുടെയും നേതൃത്വത്തിൽ നടന്ന ശുചീകരണ പ്രവർത്തനത്തിൽ ഉദയംപേരൂർ എസ്എൻഡിപി 1084-ാം നമ്പർ ശാഖാ, സെന്റ് തെരേസാസ് കോളജ്, വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ, പ്ലമ്പർമാരുടെ സംഘം, വിവിധ സന്നദ്ധ സംഘടനകൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കാളികളായി. ക്യാമ്പുകളിൽനിന്നു തിരിച്ചെത്തിയവർക്ക് പ്രതിരോധ മരുന്നുകളും വിതരണം ചെയ്തു.

പ്രളയത്തിൽ മുങ്ങിയ ചേരാനെല്ലൂർ പഞ്ചായത്ത് ഓഫീസിൽ ഉണ്ടായിരുന്ന മണ്ണും ചെളിയും നീക്കി,

ഓഫീസ് ഉപകരണങ്ങൾ വോളൻഡിയേഴ്സ് കഴുകി വൃത്തിയാക്കി. കോൺഗ്രസ് എറണാകുളം നോർത്ത് ബ്ലോക്ക് കമ്മിറ്റിയും ട്രൂ ഫാമിലി ഗ്രൂപ്പും സഹകരിച്ചു ചേരാനല്ലൂർ അമ്പലക്കടവ് ലക്ഷം വീട് കോളനിയിലെ വീടുകൾ ശുചീകരിച്ചു. കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ ചൂർണിക്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്പെഷൽ സ്കൂൾ വൃത്തിയാക്കി.



**കോൺഗ്രസ് എറണാകുളം നോർത്ത് ബ്ലോക്ക് കമ്മിറ്റിയും ട്രൂ ഫാമിലി ഗ്രൂപ്പും സഹകരിച്ചു ചേരാനല്ലൂർ അമ്പലക്കടവ് ലക്ഷം വീട് കോളനിയിലെ വീടുകൾ ശുചീകരിക്കുന്നു.**